(ബി) ഇതിനുവേണ്ടി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ബ്ലോക്ക് തോറും വ്യവസായ വകുപ്പിന്റെ ശാഖാ ഓഫീസുകൾ തുറന്നു പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.
(സി) ഇല്ല.

രജിസ്ട്രേഷൻ ഓഫീസിലെ രേഖകൾ

*447 [477] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ രജിസ്ട്രേഷൻ ഓഫീസുകളിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖകൾ സുരക്ഷിതമായി സംരക്ഷിക്കുന്നതിനു എന്ത് സംവിധാനമാണുള്ളത് ;

(ബി) പഴയ രേഖകൾ മൈക്രോ ഫിലിം ചെയ്ത് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനാലോചനയുണ്ടോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) കയ്യെഴുത്തു പ്രതികൾ വാല്യങ്ങളായി പരിരക്ഷിക്കുന്നു.
(ബി) ഉണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

തൊണ്ട് നിയന്ത്രണ ചട്ടം

1629. [2444] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പച്ച തൊണ്ട് നിയന്ത്രണ ചട്ടം മാറ്റുകയും പകരം ലെവി സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തതിനുശേഷം കഴിഞ്ഞ രണ്ടര മാസത്തിനിടയിൽ ലെവി സമ്പ്രദായമനുസരിച്ച് എത്ര പച്ച തൊണ്ട് ശേഖരിക്കുവാൻ കഴിഞ്ഞു ;

(ബി) സ്റ്റേറ്റിലെ പ്രാഥമിക കയർ സംഘങ്ങൾക്ക് ആവശ്യമായത്ര തൊണ്ട് ഈ നിയമംമൂലം ലഭ്യമാക്കാൻ കഴിയുകയില്ലെന്ന് ബോദ്ധ്യമായാൽ ലെവി സമ്പ്രദായം നിർത്തുകയും മുൻപുണ്ടായിരുന്ന തൊണ്ട് നിയന്ത്രണ ചട്ടം പുനഃസ്ഥാപിക്കുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-9-1986 മുതൽ 23-10-1986 വരെ 8,50,310 തൊണ്ട് ലെവി ആയും 83,25,004 തൊണ്ട് ലോക്കൽ കളക്ഷനായും ശേഖരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly